# പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3339 — 19.10.2016-ൽ മറുപടിയ്ക്ക്

**കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഡി.കെ. മുരളി: | **ശ്രീ.എ.കെ. ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി** |
| കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിറ്റീസ് വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | കേരള സംസ്ഥാനത്ത്, കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരോ ഏർപ്പെട്ടിരിക്കുന്നവരോ ആയവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി, അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചുവരുന്നത്. പ്രവർത്തനത്തിന്റെ ഭാഗമായി കലാ സാംസ്കാരിക പ്രവർത്തകർ അംഗത്വത്തിനായി നൽകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായ അംഗങ്ങൾക്ക് ഉടനടി അംഗത്വ കാർഡ് നൽകി വരുന്നുണ്ട്. അതോടൊപ്പം തന്നെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് പദ്ധതി വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി കൈക്കൊണ്ടു വരുന്നു. ബോർഡിന്റെ മറ്റൊരു പ്രധാന പ്രവർത്തനം ഫണ്ട് സമാഹരണമാണ്. അംഗങ്ങളിൽനിന്ന് ലഭിക്കുന്ന അംശദായത്തിനുപുറമേ ക്ഷേമനിധിയിലേയ്ക്കുള്ള പ്രധാന വരവ് സിനിമ പ്രേക്ഷകരിൽനിന്നും പിരിച്ചെടുക്കുന്ന സെസ്സ് തുകയാണ്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിയമവ്യവസ്ഥകൾ പ്രകാരം, സെസ്സ് ഇനത്തിൽ സിനിമാ പ്രേക്ഷകരിൽനിന്നും ശേഖരിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ക്ഷേമനിധി അക്കൗണ്ടിൽ അടയ്ക്കുന്ന കാര്യം ഉറപ്പാക്കുന്നതിന് ബോർഡ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കലാ സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമം മുൻനിർത്തി അവർക്ക് ഉപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും ബോർഡിന്റെ പ്രവർത്തനത്തിൽ വരുന്നു. |

**സെക്ഷൻ ഓഫീസർ**